ഈ സാമ്പത്തിക വർഷം തന്നെ ഇലക്ട്രിഫൈ ചെയ്യുന്നതിനുള്ള നടപടികളും എടുത്തു കഴിഞ്ഞു. കാർഷിക രംഗത്ത് ചില സൗജന്യങ്ങളും ഡിപ്പാർട്ടുമെന്റ് ചെയ്തു കൊടുക്കുന്നുണ്ട്. മിനിമം ഗാരന്റി ഇൻസിസ്റ്റു ചെയ്യുന്നില്ല. കേരളത്തിലെ പ്രത്യേക സാഹചര്യത്തിൽ നാണ്യവിളകളും അതിപ്രധാനമായ പങ്കു വഹിക്കുന്നുണ്ട്. തെങ്ങ്, കുരുമുളക്, കാർഡമം, റബ്ബർ, കോഫി മുതലായ എല്ലാ കൃഷിക്കും മിനിമം ഗാരന്റി ഇൻസിസ്റ്റു ചെയ്യേണ്ട എന്നുള്ള നിർദ്ദേശം ഗവൺമെന്റ് കൊടുത്തിട്ടുണ്ട്. അവികസിത പ്രദേശമാണെന്നംഗീകരിച്ചിട്ടുള്ളതുകൊണ്ടാണ് വികസന പ്രവർത്തനങ്ങളിൽ മുൻഗണന നൽകാൻ തീരുമാനിച്ചിട്ടുള്ളത്. അങ്ങനെ ഹിൽ ഏരിയാ മൊത്തത്തിൽ വികസിപ്പിച്ചെടുക്കുക എന്നതാണ് പ്രധാന ഉദ്ദേശ്യം. അതിനാവശ്യമായ സംവിധാനങ്ങളൊക്കെ ഏർപ്പെടുത്തിയിട്ടുണ്ട്. ജനപ്രതിനിധികളിൽനിന്നും പൊതുജനങ്ങളിൽനിന്നും വേണ്ട സഹകരണം ഉണ്ടാകണമെന്നേയുള്ളു. യാതൊരു കാലതാമസവും അവഗണനയും ഇല്ല. അവഗണന എന്നു പറഞ്ഞത് എല്ലാം ദുരുദ്ദേശമാണെന്നു ഞാൻ പറയുന്നില്ല. കാര്യസാധ്യത്തിനുവേണ്ടി തന്റെ വാദം ശക്തമാക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മെമ്പർ അങ്ങനെ പറഞ്ഞതാണ്.

IV. ധനകാര്യം

1978-79 ലേക്കുള്ള ഉപധനാഭ്യർത്ഥനകളുടെ ഫൈനൽ സ്റ്റേറ്റുമെന്റ്.

ധനകാര്യമന്ത്രി (ശ്രീ. എസ്. വരദരാജൻനായർ): സർ, 1978-79 ലേക്കുള്ള ഉപധനാഭ്യർത്ഥനകളുടെ ഫൈനൽ സ്റ്റേറ്റുമെന്റ് മേശപ്പുറത്തു വയ്ക്കുന്നു.

V. റിപ്പോർട്ടു സമർപ്പിക്കൽ

(i) കാര്യോപദേശകസമിതിയുടെ 11-ാമതു റിപ്പോർട്ട്.

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻനായർ): സർ, കാര്യോപദേശകസമിതിയുടെ 11-ാമതു റിപ്പോർട്ടു ഞാൻ സമർപ്പിക്കുന്നു.

(ii) പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ പതിനാറാമതു റിപ്പോർട്ട്

ശ്രീ. എം.കെ. കൃഷ്ണൻ: സർ, പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ പതിനാറാമതു റിപ്പോർട്ടു ഞാൻ സമർപ്പിക്കുന്നു.

റിപ്പോർട്ടു പരിഗണന

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻനായർ): കാര്യോപദേശകസമിതിയുടെ 11-ാമതു റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി.പി. എസ്തോസ്: സർ, അതൊന്നു വായിച്ചു കേട്ടാൽ കൊള്ളാമായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെപ്യൂട്ടി സ്പീക്കർ: വിതരണം ചെയ്തിട്ടുണ്ട്. ഇത് അംഗീകരിക്കുന്നു.

ശ്രീ. വക്കം പുരുഷോത്തമൻ: കഴിഞ്ഞതവണ പ്രതിപക്ഷ നേതാക്കൻമാർതന്നെ പറഞ്ഞതാണ്, അവിടെ തീരുമാനിച്ചതല്ല, റിപ്പോർട്ടിൽ വരുന്നതെന്ന്. വിതരണം ചെയ്തതിനുശേഷമേ പരിഗണനയ്ക്കു എടുക്കാവൂ എന്നു പറഞ്ഞത് അതുകൊണ്ടാണ്.

ശ്രീ. സി.എച്ച്. മുഹമ്മദുകോയ: സർ, കാര്യോപദേശക സമിതിയുടെ പതിനൊന്നാമതു റിപ്പോർട്ടു അംഗീകരിച്ചിട്ടില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: റിപ്പോർട്ടു കൊടുത്തതിനുശേഷമേ പരിഗണിക്കുകയുള്ളൂ. അത് ഒബ്ജക്ഷനിൽ ഇരിക്കുകയാണ്.

(റിപ്പോർട്ടു വിതരണം ചെയ്തു കഴിഞ്ഞു.)

റിപ്പോർട്ട് അംഗീകരിക്കാം. (സഭ അനുമതി നൽകി)

റിപ്പോർട്ട് അംഗീകരിച്ചിരിക്കുന്നു.

ശ്രീ. പി.പി. എസ്തോസ്: ആറും ഏഴും തീയതികളിൽ തുടർച്ചയായി രണ്ടു ദിവസം ഉച്ചകഴിഞ്ഞ് ഇരിക്കണമെന്ന് ഇതിനകത്തു പറയുന്നുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ: അതു പാർട്ടിനേതാക്കൻമാർ അംഗീകരിച്ചതാണ്. അതുകൊണ്ടു റിപ്പോർട്ടു അംഗീകരിച്ചിരിക്കുന്നു.

VI. നിയമനിർമ്മാണകാര്യം

1978-ലെ കേരള ഡിസ്ട്രിക്ട് അഡ്മിനിസ്ട്രേഷൻ ബിൽ (തുടർച്ച)

മി. ഡെപ്യൂട്ടി സ്പീക്കർ: സെലക്ടു കമ്മിറ്റി റിപ്പോർട്ടു ചെയ്ത പ്രകാരമുള്ള കേരള ഡിസ്ട്രിക്ട് അഡ്മിനിസ്ട്രേഷൻ ബില്ലിലെ നാലാമതു ക്ലാസിനു ധാരാളം ഭേദഗതികൾ നൽകിയിട്ടുണ്ട്. 11 ഭേദഗതികൾ മാത്രം അവതരിപ്പിച്ചാൽ മതിയാകും. കാരണം അതിൽ എല്ലാ ഭേദഗതികളും ഉൾപ്പെടുത്തിയിട്ടുണ്ട്. ആദ്യമായിട്ട് അമൻറുമെൻറ് നമ്പർ 48.

ശ്രീ. സി.എച്ച്. മുഹമ്മദുകോയ: സർ, ഈ ഭേദഗതികൾ കേട്ടതിനു ശേഷം ആവശ്യമുണ്ടെന്നുണ്ടെങ്കിൽ ഗവൺമെൻറ് ഭേദഗതി കൊണ്ടുവരുന്നതാണ്. അതു തിങ്കളാഴ്ച മതി.

മി. ഡെപ്യൂട്ടി സ്പീക്കർ: ചാപ്റ്റർ 4:

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: സർ, ഇതു തിങ്കളാഴ്ചത്തേക്കു മാറ്റിയാൽ മതി; അടുത്ത ദിവസത്തേക്കു മാറ്റാം. ഇനിയിപ്പോൾ രണ്ടോ നാലോ മിനിട്ടേ ഉള്ളൂ. നോൺ ഒഫിഷ്യൽ റസല്യൂഷൻ തുടങ്ങിയാൽ മതി. മന്ത്രിയുടെ ഭേദഗതി വരുന്നതോടുകൂടി അവിടെ ആരംഭിക്കുക. ഈ ഭേദഗതി അവതരിപ്പിക്കുകയും ചെയ്യാം. ഒരു ക്ലാസ് ഇൻകംപ്ലീറ്റാക്കിവച്ചുകൊണ്ട് അടുത്ത ക്ലാസിലേക്ക് പോകുന്ന പതിവില്ല.

LIBRARY ARCHIVES Kerala Legislative Assembly